LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇപ്പോൾ ലക്നൗവിൽ നിന്നും കുറെ ട്രാക്ടറുകൾ (ചക്കോസ്ലോവാക്യയിൽ ഉണ്ടാക്കിയത്) അനുവദിച്ചിട്ടുണ്ട്. അതു കൊണ്ടുവരുന്നതിനായി ആൾ പോയിട്ടുണ്ട്. വന്നാൽ ഉടനെ തരാം.

ശ്രീ. കെ. എം. മാണി : കുറഞ്ഞ വിലയ്ക്ക് പോളണ്ടിൽ നിന്നും ട്രാക്ടറുകൾ കിട്ടുമല്ലോ. അവിടെ നിന്നും വാങ്ങാൻ ശ്രമിച്ചുകൂടേ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇൻഡ്യാഗവൺമെന്റ് ണ് അതു നിർദ്ദേശിക്കേണ്ടത്. ഇൻഡ്യാ ഗവൺമെന്റിന്റെ നിർദ്ദേശങ്ങളുടെ കൂട്ടത്തിൽ പോളണ്ടു കാണുന്നില്ല.

ശ്രീ. ബി. മാധവൻ നായർ: തിരുവനന്തപുരം ചാക്ക ഗവൺമെന്റു വർക്കുഷാപ്പിൽ പന്ത്രണ്ടോളം ആധുനികരീതിയിലുള്ള ഷെഡ്ഡുകളും വർക്കുഷപ്പു പകരണങ്ങളും കാരണമായിട്ടുപയോഗിക്കാതെ ഇട്ടിരിക്കുകയാണ്. അദ്ദേഹം ഇൻഡസ്ട്രീസു കോർപ്പറേഷന്റെ വർക്കുഷാപ്പായി ഇത് ഉപയോഗപ്പെടുത്താൻ പറ്റുമോ എന്നു ബഹുമാനപ്പെട്ട മന്ത്രി നേരിട്ടു പരിശോധിക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അദ്ദേഹം ഇൻഡസ്ട്രീസു കോർപ്പറേഷന്റെ വർക്കുഷപ്പിൽ ട്രാക്ടറുകൾ നിർമ്മിക്കുക, 'ഒ വർആം' ചെയ്യുക എന്നിങ്ങനെയുള്ള ജോലികളാണു നടത്താൻ ഉദ്ദേശിക്കുന്നത്. ചാക്ക ഗവൺമെന്റു വർക്കുഷാപ്പിൽ മറ്റു പലതരം ഉപകരണങ്ങൾ ഉൽപാദിപ്പിക്കാനുള്ള സാധ്യതകളുമുള്ളതാണ്.

ശ്രീ. എ. പി. കുര്യൻ : വിലക്കുടുതൽമാത്രമല്ല, പ്രായോഗികരംഗത്ത് പവ്വർടില്ലറുകൾ പരാജയമാണെന്നു പരക്കെ അഭിപ്രായമുള്ള സ്ഥിതിക്ക് അതു വീണ്ടും ഉൽപാദിപ്പിക്കുന്ന കാര്യത്തെക്കുറിച്ചു ഗവൺമെന്റു ആലോചിച്ചതിനുശേഷം ഒരു തീരുമാനം എടുക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : തീർച്ചയായിട്ടും ആലോചിക്കാം. ഇന്നു പവ്വർടില്ലറുകൾ പ്രയോഗത്തിൽപ്പെടാതിരിക്കാൻ പ്രധാന കാരണം, സ്പെയർ പാർട്സുകിട്ടാനുള്ള അസൗകര്യമാണ്. സ്പെയർ പാർട്സുകൾ കിട്ടാൻ സൗകര്യം ഉണ്ടെങ്കിൽ, ടില്ലറുകൾ ഉപയോഗിച്ച് പുരയിടങ്ങളും, തെങ്ങിൻതോപ്പുകളും കമുകിൻതോപ്പുകളും ഇളക്കുതിരിക്കാൻ സൗകര്യമായിരിക്കും.

സേവനസംഘടനകൾക്കുള്ള കേന്ദ്രഗ്രാന്റ്

* 891 [1259] ശ്രീ പി. പി. കൃഷ്ണൻ:

,, ടി. കെ. രാമകൃഷ്ണൻ :

,, ഇ. ബാലാനന്ദൻ :

,, വി. എസ്. അച്യുതാനന്ദൻ :

,, ടി. എം. മീതിയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സേവനസംഘടനകൾക്കുള്ള കേന്ദ്രഗ്രാന്റ് കേന്ദ്രഗവൺമെന്റ് നേരിട്ടുനൽകിയെന്ന് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി രാജ്യസഭയിൽ ചെയ്ത പ്രസ്താവന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളഗവൺമെൻറ് ഇതുസംബന്ധിച്ച് ഗ്രാൻറ് തങ്ങൾവഴി നൽകണമെന്ന പ്രത്യേക അപേക്ഷയൊന്നും സമർപ്പിച്ചിട്ടില്ലെന്ന കേന്ദ്രമന്ത്രിയുടെ പ്രസ്താവന ശരിയാണോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്) :
(എ) ഉണ്ട്.

(ബി) കേൻദ്ര ബോർഡ്, സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡുമുഖേനയാണ് ഗ്രാൻറു നൽകിവരുന്നത്. സംസ്ഥാന ബോർഡു നിറുത്തലാക്കിയതിനെത്തുടർന്നു സംസ്ഥാന ഗവൺമെൻറുവഴി ഗ്രാൻറു വിതരണം ചെയ്യണമെന്നു കേന്ദ്ര ബോർഡിനോടാവശ്യപ്പെട്ടിരുന്നു. സംസ്ഥാന നിലവാരത്തിലുള്ള ഒരു ബോർഡുമുഖേനയല്ലാതെ, സംസ്ഥാന ഗവൺമെൻറുവഴിയോ, ഡിപ്പാർട്ടുമെൻറുവഴിയോ ഗ്രാൻറു വിതരണം ചെയ്യുന്നതല്ല എന്നതാണ് കേന്ദ്രബോർഡു സ്വീകരിച്ച നിലപാട്. നേരിട്ടു വിതരണം ചെയ്യാൻ തീരുമാനിച്ചതിനുശേഷവും, അവരുടെ തീരുമാനം പുനപ്പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു കേന്ദ്രബോർഡു സെക്രട്ടറിക്ക് എഴുതിയിട്ടുണ്ട്. എഴുത്തുകുത്തുകൾ കേന്ദ്ര ബോർഡുമായിട്ടായിരുന്നു.

ശ്രീ. പി. പി. കൃഷ്ണൻ : കേരളത്തിൽ ഏതല്ലാം സംഘടനകൾക്കാണ് ഗ്രാൻറു കൊടുക്കുന്നതെന്നറിയാമോ ?

ശ്രീ. ഇ എം. ശങ്കരൻ നമ്പൂതിരിപ്പാട് : നോട്ടീസു കൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ പി. പി. കൃഷ്ണൻ : ഒറ്റപ്പാലത്ത് 'സ്കിപ്പോ' എന്നപേരിലുള്ള ഏതെങ്കിലും സംഘടനയ്ക്കു ഗ്രാൻറു കൊടുക്കുന്നതായി അറിയാമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : പ്രത്യേകം ചോദിച്ചാൽ മാത്രമേ മറുപടി പറയാൻ നിവൃത്തിയുള്ളു.

ശ്രീ. ടി എം. മീതിയൻ : രാഷ്ട്രീയമായ പ്രത്യേക താൽപര്യത്തിൻെറ അടിസ്ഥാനത്തിൽ ഗ്രാൻറു വിതരണം ചെയ്യുന്നതിനല്ലേ ഇതു സംസ്ഥാന ഗവൺമെൻറിനെ ഏൽപിക്കാതെ കേൻദ്രം നേരിട്ടു കൊടുക്കാൻ തീരുമാനിച്ചത് ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : അതു ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമാണ്.

ശ്രീ. കെ. കരുണാകരൻ : കേന്ദ്രത്തിൽനിന്നു നൽകുന്ന ഈ ഗ്രാൻറു കേന്ദ്രത്തിൻെറ നിർദ്ദേശാനുസരണം വിതരണം ചെയ്യാൻ സംസ്ഥാന ഗവൺമെൻറു തയ്യാറാകാത്തതുകൊണ്ടല്ലേ നേരിട്ടു വിതരണം ചെയ്യാൻ തീരുമാനിച്ചത് ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഈ വക കാര്യങ്ങളിൽ, കേന്ദ്ര ഗവൺമെൻറു സംസ്ഥാന ഗവൺമെൻറിനു നിർദ്ദേശം നൽകുന്നതു ശരിയാണോ എന്നതിനെ സംബന്ധിച്ചു സംസ്ഥാന ഗവൺമെൻറിന് ചില അഭിപ്രായങ്ങൾ ഉണ്ട്. ഉദാഹരണത്തിന്, ഈ കാര്യത്തിൽ മാത്രമല്ല, മറ്റുചില കാര്യങ്ങൾക്കായി 'സെൻട്രലി സ്പോൺസേഡ്' എന്ന ഇനത്തിൽ കേന്ദ്രത്തിൽനിന്നു ഒരു സഹായം നൽകുന്ന ഏർപ്പാടുണ്ട്. സംസ്ഥാനങ്ങളുടെ മേൽ ഒരു പിടിയിരിക്കാൻ വേണ്ടിയാണ് അങ്ങനെയൊരു ഏർപ്പാടുണ്ടാക്കിയത്. അങ്ങനെയുള്ള സഹായധനം ഉപയോഗിച്ചു കേന്ദ്രത്തിൻെറ നിർദ്ദേശാനുസരണംതന്നെ സംസ്ഥാനങ്ങൾ പ്രവർത്തിക്കുന്നതിനുള്ളനിർദ്ദേശം നൽകുന്നതിനെ, അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

നിർബ്ബന്ധിക്കുന്നതിനെ, ബഹുമാനപ്പെട്ട കരുണാകരന്റെ പാർട്ടിയിൽപെട്ടവർ ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മന്ത്രിമന്ദിരക്കം എതിർത്തിട്ടുണ്ട്. ആ സ്ഥിതിക്ക് സോഷ്യൽ വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി, കേന്ദ്രം നൽകുന്ന ഗ്രാന്റ് ഇന്നയിന്നതരത്തിൽ വിനിയോഗിക്കണമെന്നു നിർദ്ദേശം തന്നാൽ അത്, 'ഹരിജൻ ശ്രീ മുതൽ ള, ഴ, റ, ന' വരെ അനുഷ്ഠിക്കണമെന്നു പറയുന്നത്, അങ്ങനെ പിടിവാശിയുണ്ടാകുന്നതു തെറ്റാണ്.

ശ്രീ. കെ. കരുണാകരൻ : ഈ കാര്യത്തിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ ഒരു നയം കേന്ദ്രഗവൺമെന്റു സ്വീകരിച്ചിരിക്കുമ്പോൾ, ഈ സംസ്ഥാനം മാത്രം അതിനെ എതിർക്കുന്നതും ചോദ്യം ചെയ്യുന്നതും ശരിയാണോ?

ശ്രീ. ഇ എം ശങ്കരൻ നമ്പൂതിരിപ്പാട് : ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയിലപ്പെട്ട സംസ്ഥാനങ്ങളാണെന്നെ ഇത്തരം അഖിലേന്ത്യാ നയത്തിൽ പ്രതിഷേധമുള്ളവരാണെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. കെ. കരുണാകരൻ : കേന്ദ്രത്തിന്റെ നിർദ്ദേശാനുസരണം ഈ ഗവൺമെന്റു പ്രവർത്തിക്കുന്നതുമൂലം സംസ്ഥാനത്തെ ജനങ്ങൾക്കു പ്രയോജനകരമായിത്തീരുന്ന ഒരു സഹായം നമുക്കു നഷ്ടപ്പെടുകയല്ലേ ചെയ്യുന്നത് ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : അങ്ങനെ നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ടതു നഷ്ടപ്പെട്ടാൽ ബഹുമാനപ്പെട്ട മെമ്പർകൂടി അതിനെതിരായി ശബ്ദമുയർത്താൻ സഹകരിക്കുകയാണുവേണ്ടത്.

ശ്രീ. ടി. എ. മജീദ് : സംസ്ഥാന ബോർഡു രൂപീകരിക്കാൻ എന്താണു താമസം ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : സംസ്ഥാനബോർഡു എങ്ങനെ രൂപീകരിക്കണം ; അഡ്വൈസറി കൗൺസിൽ മതിയോ ; ഡിപ്പാർട്ടുമെന്റു നേരിട്ടു കാര്യം നടത്തിയാൽമതിയോ എന്നുള്ള കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : സോഷ്യൽ വെൽഫെയർ ആക്ടിവിറ്റീസ് ഭരണഘടനപ്രകാരം സംസ്ഥാന ഗവൺമെന്റുകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവാദം നൽകണമെന്നകാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടില്ലേ ?

ശ്രീ. ഇ എം ശങ്കരൻനമ്പൂതിരിപ്പാട് : നേരത്തെ ഞാൻ പറഞ്ഞ സെൻട്രലി സ് പോൺസേഡ് പദ്ധതികളും പ്രകാരമുള്ള കേന്ദ്രത്തിന്റെ നിയന്ത്രണത്തെ സംബന്ധിച്ച അഭിപ്രായങ്ങളും അറിയിച്ചിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ് : ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രം ഈ ഗ്രാന്റ് നൽകുന്നത് ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : ഔദ്യോഗിക റിക്കാർഡ് കൈവശമില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് അതിനെപ്പറ്റി വല്ല ഊഹവുമുണ്ടായിരിക്കും.

ശ്രീ. ടി. എ മജീദ് : കേന്ദ്രഗവൺമെന്റു നേരിട്ടു സംഭാവന ചെയ്യുന്നത് ഏതടിസ്ഥാനത്തിൽ ഏതു സംഘടനകൾക്കാണെന്നു അന്വേഷിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ എം. ശങ്കരൻനമ്പൂതിരിപ്പാട് : അതു അന്വേഷിക്കാവുന്ന ഒരു സ്ഥിതിയുണ്ടെങ്കിൽ അന്വേഷിക്കാം.

ശ്രീ. ഒ. കോരൻ : ഇതുപോലെയുള്ള ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റു ഒരു അഖിലേന്ത്യാ പാറ്റേൺ ഉണ്ടാക്കി അതു എല്ലാ സംസ്ഥാനവും അതേപടി നടപ്പു ക്കണമെന്നുപറയുന്നതു അപ്രായോഗികമാകയാൽ, ഒരോ സംസ്ഥാനത്തിനും യോജിച്ച പാറ്റേൺ സ്വീകരിക്കാൻ അനുവദിക്കേണ്ടതല്ലേ ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : അതു മനസ്സിലാക്കിയിട്ടാണ് നേരത്തെ ഞാൻ മറുപടി പറഞ്ഞത്.

ശ്രീ. എ. വി. കുര്യൻ : സോഷ്യൽവെൽഫെയർ ബോർഡിന്റെ പ്രവർത്തനം അഖിലേൻഡ്യാടിസ്ഥാനത്തിൽ നടത്തണമെന്നുപറയുമ്പോഴും, വ്യവസായവിഹിതം നൽകുന്ന കാര്യത്തിൽ കേന്ദ്രത്തിന് ഒരു അഖിലേന്ത്യാനയം ഉണ്ടോ ; കേരളത്തെ അവഗണിക്കുകയല്ലേ ചെയ്യുന്നത് ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : ഈ ചോദ്യവുമായിട്ടു ബന്ധപ്പെട്ട കാര്യമാണോ എന്നു സംശയമുണ്ട്.

ശ്രീ. പി. കുഞ്ഞൻ : കേന്ദ്ര ഗവൺമെന്റു നേരിട്ടു ഗ്രാന്റുകൊടുക്കുന്ന സംഘടനകളുടെ ഡയറക്ടർമാരും, ചെയർമാൻമാരും ആരെല്ലാമാണെന്നറിയാമോ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : ചോദ്യത്തിന്റെ ആദ്യഭാഗത്തിനു ഞാൻ ഉത്തരം പറയേണ്ടതല്ല ; രണ്ടാമത്തെ ഭാഗം ഗവൺമെന്റിനറിവില്ല.

പോലീസ് ഉദ്യോഗസ്ഥൻമാരുടെ ററി. എ. ഡി. എ. മുതലായവ

* 892. [1260] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഡിപ്പാർട്ടുമെന്റിൽ ലോക്കൽ പോലീസ് കാൺസ്റ്റബിൾ, ഹെഡ്കാൺസ്റ്റബിൾ, സബ്ഇൻസ്പെക്ടർ എന്നിവർക്ക് നൽകുന്ന ററി.എ.' 'ഡി.എ.' ശമ്പളം എന്നിവയും എസ്. എ. പി., എം. എസ്. പി. എന്നിവയിലെ ഇതേഗ്രേഡിലുള്ള ഉദ്യോഗസ്ഥൻമാർക്ക് നൽകുന്ന ററി. എ., ഡി.എ., ശമ്പളം എന്നിവയും തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏവ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്) :

(എ) ലോക്കൽ പോലീസിലെ, സബ് ഇൻസ്പെക്ടർമാർ, ഹെഡ് കാൺസ്റ്റബിൾമാർ, പോലീസ് കാൺസ്റ്റബിൾമാർ എന്നിവർ മാസത്തിൽ വാങ്ങാവുന്ന ടി. എ. യുടെ ഉപരിപരിധി നിർണ്ണയിച്ചിട്ടുണ്ട്. എസ്. എ. പി. എം. എസ്. പി. എന്നീ വിഭാഗങ്ങളിലെ ഇതേഗ്രേഡിലുള്ള ഉദ്യോഗസ്ഥൻമാർക്ക് മാസത്തിൽ വാങ്ങാവുന്ന ടി. എ. ക്ക് ഉപരിപരിധി നിർണ്ണയിച്ചിട്ടില്ല.

(ബി) റിസർവ്വ് അലവൻസ് എന്നപേരിൽ, യഥാക്രമം 20 രൂപ, 4 രൂപ, 2 രൂപ എന്ന തോതിൽ സബ് ഇൻസ്പെക്ടർമാർ, ഹെഡ് കാൺസ്റ്റബിൾമാർ, പോലീസ് കാൺസ്റ്റബിൾമാർ എന്നിവരുടെ ഗ്രേഡിൽ, എം. എസ്. പി.,

LIBRARY ARCHIVES Kerala Legislative Assembly